# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 639** **03.3.2020 -ൽ മറുപടിയ്ക്ക്**

## തലശ്ശേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീ.എ. എൻ. ഷംസീർ : — ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്നത് അനുവദിച്ച തുകയടക്കം വ്യക്തമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടൂറിസം വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ താഴെ പറയുന്നു.<br>• ഓവർബറീസ് ഫോളി പാർക്ക് നവീകരണം - 49,88,000 / - പ്രവർത്തി പൂർത്തീകരിച്ചു<br>• തലശ്ശേരി സീ വ്യൂ പാർക്ക് നവീകരണം - 49,80,000 / - പ്രവർത്തി പൂർത്തീകരിച്ചു<br>• ബണ്ട് റോഡ് ബ്യൂട്ടിഫിക്കേഷൻ അറ്റ് ചൊക്ലി - 99,90,000 / - പ്രവർത്തി പുരോഗമിക്കുന്നു<br>കണ്ണൂർ ജില്ലയിൽ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കേരള ടൂറിസം വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 14 പദ്ധതികളിൽ 3 പദ്ധതികൾ തലശ്ശേരി നിയോജക മണ്ഡലത്തിലാണ്.<br>• ന്യൂ മാഹി ബോട്ട് ടെർമിനൽ - 5,02,00,000 പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ് ഫോം സ്ലാബ് പ്രവർത്തി പുരോഗമിച്ച് വരുന്നു (70%)<br>• പാത്തിക്കൽ ബോട്ട് ജെട്ടി - 1,75,00,000/ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു (40%)<br>• കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - 3,03,00,000/ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു (62%)<br>തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ 3 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും പദ്ധതി നിർവ്വഹണത്തിന് പ്രവർത്തി ULCCS നെ ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുകയും, പ്രവർത്തി പൂർത്തീകരിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| | | | • പഴയ ഫയർ ടാങ്ക് സംരക്ഷണം, താഴെ അങ്ങാടി പൈതൃക വീഥിയായി വികസിപ്പിക്കൽ 60,76,500/ -<br>സിവിൽ പ്രവർത്തികൾ പൂർത്തീകരിച്ചു, ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിക്കേണ്ടതുണ്ട്<br>• തലശ്ശേരി പിയർ റോഡ് സംരക്ഷണം, ഭക്ഷ്യ വീഥി, ശില്പോദ്യാനമായി വികസിപ്പിക്കൽ 2,12,54,000/ -<br>സിവിൽ പ്രവർത്തികൾ പൂർത്തീകരിച്ചു, ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിക്കേണ്ടതുണ്ട്<br>• ഗുണ്ടർട്ട് ബംഗ്ലാവ് സംരക്ഷണം ഭാഷാ മ്യൂസിയം, ജർമ്മൻ പഠന കേന്ദ്രമായി വികസിപ്പിക്കൽ 2,10,00,000/ -<br>80% ത്തോളം ബംഗ്ലാവ് സംരക്ഷണം/നവീകരണ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ 2 പദ്ധതികൾക്ക് കൂടി അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>• താഴെ അങ്ങാടി സ്ട്രീറ്റ് ഡവലപ്മെന്റ് – 4,84,02,866/ -<br>പ്രവൃത്തി ആരംഭിച്ചിട്ടില്ല.<br>• ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ആർട്ട് & റിനൈസൻസ് സോഷ്യൽ റിഫോമ്സ് - 4,98,45,267/ -<br>പ്രവൃത്തി ആരംഭിച്ചിട്ടില്ല.<br><br>കൂടാതെ തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി KIIFB പദ്ധതിയിൽ പെടുത്തി തലശ്ശേരി മണ്ഡലത്തിൽ പെടുന്ന തിരുവങ്ങാട് ശ്രീരാമ ക്ഷേത്രം, ജഗന്നാഥ ക്ഷേത്രം, ഓടത്തിൽ പള്ളി, പാരീസ് ഹോട്ടൽ സ്ട്രീറ്റ്, മാളിയേക്കൽ ഹൗസ്, ബംഗ്ലാ ഹൗസ്, മുനിസിപ്പൽ സ്റ്റേഡിയം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ